**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3997** **06-08-2021 - ൽ മറുപടിയ്ക്ക്**

**കടത്തനാടൻ കളരിയുടെ പ്രചരണവും പ്രോത്സാഹനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri Saji Cherian (മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കടത്തനാടൻ കളരിയുടെ പ്രചരണത്തിനായും പ്രോത്സാഹനത്തിനായും എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ; | (എ) | കളരി അഭ്യാസങ്ങൾ പൊതുവേയും കടത്തനാടൻ കളരി ശൈലി പ്രത്യേകിച്ചും പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി കേരള ഫോക് ലോർ അക്കാദമി പൊന്ന്യം ഏഴരക്കണ്ടത്തിൽ അഞ്ച് വർഷക്കാലമായി ഏഴ് ദിവസം നീണ്ടു നിൽക്കുന്ന പൊന്ന്യത്തങ്കം എന്ന പേരിൽ കളരി മഹോത്സവം സംഘടിപ്പിക്കുകയും അഭ്യാസികൾക്ക് മതിയായ പ്രതിഫലം നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ അക്കാദമി കളരി അഭ്യാസങ്ങൾക്ക് ഫെല്ലോഷിപ്പ്, അവാർഡ്, യുവപ്രതിഭാ പുരസ്കാരം, ഗുരുപൂജ പുരസ്കാരം, പ്രത്യേക പുരസ്കാരങ്ങൾ എന്നിവ നൽകാറുണ്ട്. കടത്തനാടൻ കളരിയുമായി ബന്ധപ്പെട്ട് കാലിക്കറ്റ് സർവ്വകലാശാല കളരി ചികിത്സ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്, കൂടാതെ കളരി നിർമ്മിച്ച് പരിശീലനം നൽകുന്നുമുണ്ട്. |
| (ബി) | കടത്തനാടൻ കളരിയുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുന്നതിനും സ്മാരകങ്ങൾ സംരക്ഷിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | കടത്തനാടൻ കളരി പാരമ്പര്യവുമായി ബന്ധമുണ്ടെന്ന് അനുമാനിക്കുന്ന വടകര ലോകനാർകാവിന്റെ ചരിത്ര പുരാവസ്തു പ്രാധാന്യം കണക്കിലെടുത്ത് ആയതിനെ കേരള പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകപട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കടത്തനാടൻ കളരിയെക്കുറിച്ച് വടക്കൻപാട്ട് പണ്ഡിതൻ ശ്രീ. ഞെച്ചിയം പ്രഭാകരൻ രചിച്ച ഒരു പുസ്തകം അച്ചടിക്കുന്നതിന് വേണ്ടി കേരള ഫോക് ലോർ അക്കാദമി തെരഞ്ഞെടുത്തിട്ടുണ്ട്. |
| (സി) | കടത്തനാടൻ കളരി പരിശീലിപ്പിക്കുന്നതിനായി പരിശീലന കേന്ദ്രങ്ങൾ സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (സി) | കാലിക്കറ്റ് സർവ്വകലാശാല ഫോക്ക്ലോർ വകുപ്പിന്റെ ഭാഗമായുള്ള കളരിയിൽ പരിശീലനം നൽകുന്നുണ്ട്. സർവ്വകലാശാലയുടെ ഫോക്ക്ലോർ എം.എ. പാഠ്യ പദ്ധതിയിൽ കളരി ചികിത്സ ഉൾപ്പെടുത്തിയിട്ടുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പ് പാഠ്യപദ്ധതി പരിഷ്കരണം ആരംഭിക്കുന്ന സമയത്ത് |

| | | | |
|---|---|---|---|
| | | | ഫോക്കസ് ഗ്രൂപ്പ് സമിതിക്ക് മുമ്പായി കടത്തനാടൻ കളരി ഉൾപ്പെടുത്തുന്നത് പരിഗണിയ്ക്കുന്നതിനായി സമർപ്പിക്കുന്നതാണ് എന്ന് സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി അറിയിച്ചിട്ടുണ്ട്. |
| (ഡി) | കളരി അക്കാദമികൾ നിർമ്മിക്കുന്നതിനായി പദ്ധതിയുണ്ടോ; എങ്കിൽ പദ്ധതിയുടെ തുക സഹിതം വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (ഡി) | കാലിക്കറ്റ് സർവ്വകലാശാല ഫോക്ക്‌ലോർ വകുപ്പിന്റെ ഭാഗമായുള്ള കളരിയിൽ പരിശീലനം നൽകുന്നുണ്ട്. സർവ്വകലാശാലയുടെ ഫോക്ക്‌ലോർ എം.എ. പാഠ്യ പദ്ധതിയിൽ കളരി ചികിത്സ ഉൾപ്പെടുത്തിയിട്ടുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പ് പാഠ്യപദ്ധതി പരിഷ്കരണം ആരംഭിക്കുന്ന സമയത്ത് ഫോക്കസ് ഗ്രൂപ്പ് സമിതിക്ക് മുമ്പായി കടത്തനാടൻ കളരി ഉൾപ്പെടുത്തുന്നത് പരിഗണിയ്ക്കുന്നതിനായി സമർപ്പിക്കുന്നതാണ് എന്ന് സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി അറിയിച്ചിട്ടുണ്ട്. |
| (ഇ) | വിദ്യാർത്ഥികളിലും യുവാക്കളിലും കടത്തനാടൻ കളരിയുടെ മേന്മകൾ സംബന്ധിച്ച അറിവ് നൽകുന്നതിനായി ആയത് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താനുള്ള പദ്ധതിയുണ്ടോ? | (ഇ) | കാലിക്കറ്റ് സർവ്വകലാശാല ഫോക്ക്‌ലോർ വകുപ്പിന്റെ ഭാഗമായുള്ള കളരിയിൽ പരിശീലനം നൽകുന്നുണ്ട്. സർവ്വകലാശാലയുടെ ഫോക്ക്‌ലോർ എം.എ. പാഠ്യ പദ്ധതിയിൽ കളരി ചികിത്സ ഉൾപ്പെടുത്തിയിട്ടുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പ് പാഠ്യപദ്ധതി പരിഷ്കരണം ആരംഭിക്കുന്ന സമയത്ത് ഫോക്കസ് ഗ്രൂപ്പ് സമിതിക്ക് മുമ്പായി കടത്തനാടൻ കളരി ഉൾപ്പെടുത്തുന്നത് പരിഗണിയ്ക്കുന്നതിനായി സമർപ്പിക്കുന്നതാണ് എന്ന് സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ